LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട് ; 2013-14 വർഷത്തിൽ ലെറ്റർ ഓഫ് ഇന്റെന്റ് അനുസരിച്ച് ഉത്പാദിപ്പിച്ച മരുന്നുകൾക്ക് പർച്ചെയ്സ് ഓർഡർ ലഭിക്കാത്തതുമൂലം 59.33 ലക്ഷം രൂപയുടേയും അസംസ്കൃത വസ്തുക്കളുടെ ഇനത്തിൽ 134.18 ലക്ഷം രൂപയുടേയും നഷ്ടമുണ്ടായിട്ടുണ്ട്.

മലബാർ സിമന്റ്സ് ലിമിറ്റഡ്

175 (8011) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമൻറ്സ് ലിമിറ്റഡ് കഴിഞ്ഞ 8 വർഷമായി എത്ര കോടി രൂപയാണ് ലാഭമുണ്ടാക്കിയതെന്ന വ്യക്തമാക്കാമോ ;

(ബി) ഓരോ വർഷത്തെയും ലാഭവിവരം പ്രത്യേകം പ്രത്യേകമായി അറിയിക്കുമോ ;

(സി) കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസായ സ്ഥാപനം എന്തെങ്കിലും തരത്തിലുള്ള ഭീഷണി നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫാക്ടറി പ്രദേശത്തെ ഇ.എസ്.എയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനുവേണ്ടി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ കഴിഞ്ഞ 8 വർഷത്തെ ലാഭക്കണക്കിന്റെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്; കസ്തൂരി രംഗൻ റിപ്പോർട്ട് അതേപടി പ്രാബല്യത്തിൽ വന്നാൽ മലബാർ സിമന്റ്സിന്റെ ഖനിക്കും ഫാക്ടറിക്കും ടൗൺഷിപ്പിനും ഭീഷണിയാകുന്നതാണ്. റിപ്പോർട്ട് പ്രാബല്യത്തിൽ വരികയാണെങ്കിൽ 2019-ഓടുകൂടി ഖനിയുടെയും ഫാക്ടറിയുടെയും പ്രവർത്തനം പൂർണ്ണമായി നിർത്തേണ്ടതായിവരും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി & ഇ) ഉണ്ട്. ഇ.എസ്.എ.-യിൽനിന്ന് ഒഴിവാക്കേണ്ട സ്ഥലങ്ങളെപ്പറ്റി സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും കഡസ്ട്രൽ മാപ്പിൽ അവ രേഖപ്പെടുത്തുവാനും വേണ്ടി സർക്കാർ നിയോഗിച്ച ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മീഷന് മുമ്പാകെ കമ്പനി ഖനിയും വ്യവസായശാലയും ടൗൺഷിപ്പും ഉൾപ്പെടുന്ന പ്രദേശം ഇ.എസ്.എ.-യുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു. കമ്മീഷന്റെ വിശദമായ പഠനത്തിനുശേഷം പരിഷ്കരിച്ച കഡസ്ട്രൽ മാപ്പിൽ ഈ പ്രദേശങ്ങളെ ഇ.എസ്.എ.-യിൽനിന്നും ഒഴിവാക്കാൻ വേണ്ടിയാണ് സമർപ്പിച്ചിട്ടുള്ളത്.

ബി.എച്ച്.ഇ.എൽ-ന്റെ നിക്ഷേപ/ടെക്നോളജി വികസനം

176 (8012) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പ്രവർത്തിച്ചുവരുന്ന കെ.ഇ.എൽ. യൂണിറ്റ് ബി.എച്ച്.ഇ.എൽ.-മായി സംയുക്ത സംരംഭം തുടങ്ങിയതിന് ശേഷം പുതിയ നിക്ഷേപമോ ടെക്നോളജി വികസനമോ വന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ബി.എച്ച്.ഇ.എൽ.ന്റെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യവസായ വകുപ്പുമന്ത്രി ബി.എച്ച്.ഇ.എൽ. സന്ദർശിക്കുവാനും തൊഴിലാളികളെയും മാനേജ്മെന്റ് പ്രതിനിധികളെയും പങ്കെടുപ്പിച്ച് യോഗം വിളിച്ചുചേർത്ത് അവസ്ഥ മെച്ചപ്പെടുത്താനും ആവശ്യമായത് ചെയ്യുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബി.എച്ച്.ഇ.എൽ., ഇ.എം.എൽ. യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ ടെണ്ടറുകളിൽ പങ്കെടുക്കുമ്പോൾ ടെണ്ടർ ഫീസ്, ഏണസ്റ്റ് മണി ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒടുക്കുന്നതിൽ നിന്നും കമ്പനിയെ ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly